**കേരള സർക്കാർ**

<u>സംഗ്രഹം</u>

പൊതുവിദ്യാഭ്യാസ വകുപ്പ് - ഹൈസ്കൂൾ ക്ലാസ്സുകളിലെ ഐ.ടി. പരീക്ഷാ സമയം പുന: ക്രമീകരിച്ച് ഉത്തരവു പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജി) വകുപ്പ്**

**സ.ഉ (സാധാ) നം. 3936/2013/പൊ.വി.വ. തീയതി, തിരുവനന്തപുരം, 25/09/2013**

---

പരാമർശം: 1. സ.ഉ.(ആർ.ടി) നം. 4610/12/പൊവിവ. തീയതി 28/09/2012
2. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 22/07/2013 ലെ എൻ.ഇ.പി3/49375/2013/ഡി.പി.ഐ നമ്പർ കത്ത്
3. 38-ാമത് സംസ്ഥാനതല സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി യോഗതീരുമാനം

<u>ഉത്തരവ്</u>

പരാമർശം ഒന്നിലെ സംസ്ഥാനതല സ്കൂൾ കരിക്കുലം സ്റ്റിയറിംഗ് കമ്മിറ്റി യോഗത്തിൽ അടുത്ത അദ്ധ്യയനവർഷം മുതൽ 8, 9, 10 ക്ലാസ്സുകളിലെ ഇൻഫർമേഷൻ ടെക്നോളജി പരീക്ഷയുടെ സമയം ഒന്നര മണിക്കൂറിൽ നിന്നും ഒരു മണിക്കൂറായി കുറയ്ക്കാനുള്ള ഐ.ടി.@സ്കൂൾ എക്സിക്യൂട്ടീവ് ഡയറക്ടറുടെ പ്രൊപ്പോസൽ അംഗീകരിച്ച് 8, 9 ക്ലാസ്സുകളിൽ ഐ.ടി. വിഷയത്തിന് അർദ്ധ വാർഷികം, വാർഷികം എന്നിങ്ങനെ രണ്ടു പരീക്ഷകളായും പത്താം ക്ലാസ്സിൽ അർദ്ധ വാർഷികം, മാതൃകാ പരീക്ഷ, പൊതുപരീക്ഷ എന്ന രീതിയിലും ക്രമീകരിക്കാൻ അനുവാദം നൽകി. ഒരു വർഷം ഇത് നടപ്പാക്കി പ്രായോഗിക ബുദ്ധിമുട്ടുകൾ പഠനത്തിന് വിധേയമാക്കേണ്ടതാണ് എന്നും തീരുമാനിച്ചു.

പരാമർശം രണ്ടിലെ കത്ത് പ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ എസ്.എസ്.എൽ.സി. ഐ.ടി. പരീക്ഷയുടെ സമയം ഒരു മണിക്കൂർ ആക്കുന്നത് സംബന്ധിച്ച് ഉത്തരവിനായി നിർദ്ദേശം സമർപ്പിച്ചു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2013-14 അദ്ധ്യയനവർഷം മുതൽ 8, 9, 10 ക്ലാസ്സുകളിലെ ഐ.ടി. പരീക്ഷയുടെ സമയം ഒരു മണിക്കൂർ ആയി കുറച്ചുകൊണ്ടും 8,9 ക്ലാസ്സുകളിൽ ഐ.ടി. വിഷയത്തിന് അർദ്ധ വാർഷികം, വാർഷികം എന്നിങ്ങനെ രണ്ടു പരീക്ഷകളായും പത്താം ക്ലാസ്സിൽ അർദ്ധ വാർഷികം, മാതൃകാ പരീക്ഷ, പൊതുപരീക്ഷ എന്ന രീതിയിലും ക്രമീകരിക്കാൻ അനുവാദം നൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒരു വർഷം ഇത് നടപ്പാക്കി പ്രായോഗിക ബുദ്ധിമുട്ടുകൾ പഠനത്തിന് വിധേയമാക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
വി. രത്നമ്മ
ഡെപ്യൂട്ടി സെക്രട്ടറി

1. പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
2. പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
3. സെക്രട്ടറി, പരീക്ഷാ ഭവൻ, തിരുവനന്തപുരം
4. ഡയറക്ടർ, ഐ.ടി. @ സ്കൂൾ, തിരുവനന്തപുരം
5. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

R